**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2349** **30-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീധന സമ്പ്രദായമുൾപ്പെടെ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; | (എ) | ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങൾ നടപ്പാക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത് ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവൽക്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | വിവിധ സാംസ്കാരിക സംഘങ്ങളെ കൂട്ടിയോജിപ്പിച്ചും വിവിധ സംഘടനകളുടെ സഹായത്തോടെയും ദീർഘകാലം നീണ്ടു നിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങൾ നടപ്പാക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത് ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവൽക്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ